©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി I
# (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

**2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്]

2022 ജൂലൈ 19-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി I
# (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്]

986/2022

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി I

## (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

## (2021-2023)

### **ഘടന**

ചെയർമാൻ :

ശ്രീ. പി. പ്രസാദ്,
കൃഷി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീമതി ജെ. ചിഞ്ചുറാണി,
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. അനൂപ് ജേക്കബ്, എം. എൽ. എ.

ശ്രീ. പി. പി. ചിത്തരഞ്ജൻ,എം. എൽ. എ.

ശ്രീ. പി. ജെ. ജോസഫ്,എം. എൽ. എ.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു,എം. എൽ. എ.

ശ്രീ. കെ. പി. മോഹനൻ,എം. എൽ. എ.

ശ്രീ. കുറുക്കോളി മൊയ്തീൻ,എം. എൽ. എ.

ശ്രീ. മുരളി പെരുനെല്ലി,എം. എൽ. എ.

ശ്രീ. എം. വിൻസെന്റ്,എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി കവിത ഉണ്ണിത്താൻ,സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ഒന്നാമത് റിപ്പോർട്ടിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ആസൂത്രണ സാമ്പത്തികകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി I-ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2021 ജൂലൈ 22-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 18-7-2022-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2022 ജൂലൈ 18-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു

പി. പ്രസാദ്

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി I.*

തിരുവനന്തപുരം,
2022 ജൂലൈ 18.

# റിപ്പോർട്ട്

## അദ്ധ്യായം I

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I-ന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൽ, മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.

### ശിപാർശ

2401-00-001-86-99—ഓഫീസ് ഓട്ടോമേഷൻ ആന്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ വിവരസാങ്കേതികവിദ്യ

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

കേരളമൊട്ടാകെയുള്ള ഓഫീസുകളിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും കേടുപാടുകൾ തീർക്കുന്നതിനും നെറ്റ് വർക്കിംഗ് നടത്തുന്നതിനുമായി, ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ സൈബർ എക്സ്റ്റെൻഷൻ ഘടകത്തിന് ടി ശീർഷകത്തിൽ 30 ലക്ഷം രൂപയും AIMS സോഫ്റ്റ്‌വെയർ വികസനത്തിനായി ഡെവലപ്പ്മെന്റ് ഓഫ് എം.ഐ.എസ് &ഡി.ബി.റ്റി. എന്ന ഘടകത്തിലെ എസ്.എം.എസ് സപ്പോർട്ട് ഫോർ സോഫ്റ്റ്‌വെയർ ക്ലസ്റ്റേഴ്സ് എന്ന ഉപഘടകത്തിനായി 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

### സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം ഓഫീസ് ഓട്ടോമേഷൻ ആന്റ് ഐ.ടി ഇൻഫ്രാസ്ട്രക്ച്ചർ വിവര സാങ്കേതിക വിദ്യ എന്ന പദ്ധതിയ്ക്കായി 2021-2022 സാമ്പത്തിക വർഷത്തിലെ ഒന്നാമത് ഉപധനാഭ്യർത്ഥന വഴി 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ച് കിട്ടിയില്ല.

### ശിപാർശ

2401-00-103-87 —നാളികേര വികസനം

വിഹിതം : 75,47,00,000 രൂപ (പദ്ധതി)

വിത്ത് തേങ്ങാ സംഭരണ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം നാളികേര വികസനം എന്ന പദ്ധതിയിൽ വിത്ത് തേങ്ങ സംഭരണം/ഘടകം എന്ന പദ്ധതിക്കായി 2021-2022 സാമ്പത്തിക വർഷത്തിലെ ഒന്നാമത് ഉപധനാഭ്യർത്ഥന വഴി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചു കിട്ടിയില്ല.

ശിപാർശ

2401-00-104-91—ഡിപ്പാർട്ട്മെന്റ് കൃഷിസ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉൽപാദനം വർദ്ധിപ്പിക്കൽ

വിഹിതം : 10,95,00,000 രൂപ (പദ്ധതി)

സുഭിക്ഷ കേരളം പദ്ധതിയിൽ കൂടുതലായി ആവശ്യം വരുന്ന നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7.75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം ഡിപ്പാർട്ട്മെന്റ്, കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉൽപാദനം വർദ്ധിപ്പിക്കൽ എന്ന പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തിൽ കൂടുതലായി ആവശ്യം വരുന്ന നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായി ഒന്നാമത് ഉപധനാഭ്യർത്ഥന വഴി 7.75 കോടി രൂപ അധികമായി വകയിരുത്തണമെന്നാവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചു കിട്ടിയില്ല.

ശിപാർശ

2401-00-110-82 —പുനഃസ്ഥാപിക്കപ്പെട്ട സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

പ്രകൃതി ദുരന്തങ്ങൾ നിരന്തരം ഉണ്ടാകുന്ന സാഹചര്യത്തിൽ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയ്ക്കായി 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

പുനഃസ്ഥാപിക്കപ്പെട്ട സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥന മുഖേന 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ച് കിട്ടിയിട്ടില്ല. എന്നാൽ ധനപുനഃവിനിയോഗം മുഖേന 27-3-2022-ലെ സ.ഉ.(ആർ.റ്റി)2479/2022/ഫിൻ നമ്പർ പ്രകാരം 12 കോടി രൂപ അനുവദിക്കുകയും ചെയ്തു.

മുൻ വർഷത്തെ ബഡ്ജറ്റ് വിഹിതപ്രകാരം അനുവദിച്ച 20 കോടി രൂപയും ധനപുനഃവിനിയോഗം വഴി ലഭിച്ച 12 കോടി രൂപയും ചേർത്ത് ആകെ 32 കോടി രൂപ അനുവദിക്കുകയും ഇതിൽ 31.7985918 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2401-00-800-91-(34)—<u>പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി– മറ്റ് ചെലവുകൾ</u>

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

പ്രകൃതി ദുരന്തങ്ങൾ നിരന്തരം ഉണ്ടാകുന്ന സാഹചര്യത്തിൽ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി 70 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി എന്ന പദ്ധതിക്കായി 70 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ഒന്നാമത് ഉപധനാഭ്യർത്ഥന വഴി ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ച് കിട്ടിയില്ല. എന്നാൽ അധിക ധനാനുമതി മുഖേന വിളനാശത്തിനുള്ള നഷ്ടപരിഹാരം നൽകുന്നതിന് സംസ്ഥാന വിഹിതമായി 2401-00-800-91-(34) ശീർഷകത്തിൽ 4993.8543 ലക്ഷം രൂപ അധികമായി അനുവദിക്കുകയും 4975.98451 ലക്ഷം രൂപ നാളിതുവരെയായി കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയിൽ ബാക്കിയുള്ള 17.87549 ലക്ഷം രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

<u>ശിപാർശ</u>

2415-01-004-88—<u>കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ കേന്ദ്രം</u>

വിഹിതം : 20,00,000 രൂപ (പദ്ധതി)

പ്രസ്തുത ഗവേഷണ കേന്ദ്രത്തിൽ സർക്കാർ അനുവദിച്ച വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് പദ്ധതി നിർവ്വഹണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

അന്തർദേശീയ കായൽകൃഷി ഗവേഷണ പരിശീലനകേന്ദ്രത്തിന് ഉപധനാഭ്യർത്ഥനയിലൂടെ അധികതുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ച് കിട്ടിയില്ല. അന്തർദേശീയ കായൽകൃഷി ഗവേഷണ പരിശീലനകേന്ദ്രത്തിന് ബഡ്ജറ്റിൽ 2415-01-004-88-(Plan) എന്ന ശീർഷകത്തിൽ അനുവദിച്ച 20 ലക്ഷം രൂപയ്ക്ക് പുറമേ 2020-21 സാമ്പത്തികവർഷത്തിൽ ടി ശീർഷകത്തിൽ നിന്നും റെസ്യൂം ചെയ്ത തുകയായ 32,27,000 രൂപയും അധിക ധനാനുമതിയായി 14,31,000 രൂപയും അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2435-01-800-94—<u>മൂല്യ വർദ്ധനവ്</u>

വിഹിതം : 12,10,00,000 രൂപ (പദ്ധതി)

SFAC-യുടെ TP Account-ൽ നിന്നും തിരിച്ചെടുത്ത തുകയ്ക്കായി ഈ ശീർഷകത്തിൽ 72.1170 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം മൂല്യവർദ്ധനവ് എന്ന പദ്ധതിയിൽ SFAC യുടെ റ്റി.പി. അക്കൗണ്ടിൽ നിന്നും തിരിച്ചെടുത്ത തുക 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ച് കിട്ടിയില്ല.

എന്നാൽ മൂല്യ വർദ്ധനവ് പദ്ധതിയിൽ SFAC മുഖേന നടപ്പിലാക്കുന്ന ചെറുകിട ഇടത്തരം കാർഷിക സംസ്കരണ യൂണിറ്റുകൾക്കുള്ള സഹായം എന്ന ഘടകത്തിന് അനുവദിച്ച 400 ലക്ഷം രൂപയിൽ നിന്നും ആദ്യ ഗഡുവായി 300 ലക്ഷം രൂപയും ശേഷിക്കുന്ന 100 ലക്ഷം രൂപ റിക്യൂപ്മെന്റ് ഓഫ് ഫണ്ട്സ് (recoupment of funds) ഇനത്തിലും അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

4401-00-104-98—<u>ഡിപ്പാർട്ട്മെന്റ് കൃഷിത്തോട്ടങ്ങളിൽ നടീൽ വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ</u>

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

മുൻ വർഷത്തിൽ ആരംഭിച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം ഡിപ്പാർട്ട്മെന്റ് കൃഷിത്തോട്ടങ്ങളിൽ നടീൽ വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ എന്ന പദ്ധതിയിൽ മുൻ വർഷത്തിൽ ആരംഭിച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി ഒന്നാമത് ഉപധനാഭ്യർത്ഥന വഴി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ച് കിട്ടിയില്ല.

<u>ശിപാർശ</u>

<u>പുതിയ ശീർഷകം അനുവദിക്കുന്നതിന്</u>

ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം സ്മാർട്ട് കൃഷി ഭവൻ പദ്ധതി മുഖേന കൃഷി ഭവനുകളിൽ ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ വിതരണവും വിപണനവും ആധുനീകരിക്കുവാൻ ആവശ്യമായ പ്രാഥമിക ചെലവുകൾക്കായി പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സ്മാർട്ട് കൃഷി ഭവൻ പദ്ധതി നടപ്പാക്കുന്നതിനായി 10 കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>ശിപാർശ</u>

2415-01-277-99-31—<u>കേരള കാർഷിക സർവ്വകലാശാല സഹായധനം – ശമ്പളം</u>

വിഹിതം : 3,70,71,00,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ ഡി.എ. കുടിശ്ശിക, പെൻഷൻകാർക്ക് അനുവദിക്കേണ്ട DR കുടിശ്ശിക, ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി അദ്ധ്യാപകർക്ക് നൽകേണ്ട കുടിശ്ശിക, 2020-21 വിഹിതത്തിന്റെ അപര്യാപ്തത, 2021-22 സാമ്പത്തിക വർഷത്തിൽ ഉണ്ടായേക്കാവുന്ന പദ്ധതിയേതര ബാധ്യതകൾ എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 69.07 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷത്തേക്ക് കേരള കാർഷിക സർവ്വകലാശാലക്ക് 370.71 കോടി രൂപ പദ്ധതിയേതര വിഹിതമായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 69.07 കോടി രൂപ 2021-22 സാമ്പത്തിക വർഷത്തിലേയ്ക്ക് അധിക പദ്ധതിയേതര വിഹിതമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന ആവശ്യത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ പദ്ധതിയേതര ശീർഷകമായ 2415-01-277-99-31 (NV) -ൽ ഇപ്പോൾ അധിക തുക പരിഗണിക്കേണ്ടതില്ലെന്ന് ധനവകുപ്പ് തീരുമാനിച്ചു.

<u>ശിപാർശ</u>

2402-00-001-99—<u>ഡയറക്ടർ ഓഫീസും ജില്ലാ ഓഫീസുകളും</u>

വിഹിതം : 9,35,59,000

ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി 6.30 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സ്വീകരിച്ച നടപടി</u>

വയനാട് ജില്ലയിലെ കബനി പദ്ധതി 2013-ൽ അവസാനിച്ച സാഹചര്യത്തിൽ കബനി പദ്ധതിയിൽ ഉൾപ്പെട്ട 111 തസ്തികകൾ സൂപ്പർ ന്യൂമററിയായി നിലനിർത്തിക്കൊണ്ട് വകുപ്പിലേക്ക് പുനർവിന്യസിച്ചു. ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ഈ സൂപ്പർ ന്യൂമററി തസ്തികകൾ ക്രമീകരിക്കണമെന്ന് 23-2-2021-ലെ ജി.ഒ.(ആർ.റ്റി) നം. 832/2021 പ്രകാരം ഉത്തരവ് ആയ സാഹചര്യത്തിൽ കബനി പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും 2402-00-001-99 (ഭരണവും നടത്തിപ്പും) എന്ന ശീർഷകത്തിൽ നിന്നും മാറ്റുന്നതിനുള്ള തുടർ അനുവാദവും കൂടാതെ മേൽ ശീർഷകത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് അധിക ധനാനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള

പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണെന്നും 29-5-2021-ലെ 356/പിബി2/2020/അഗ്രി നം. കത്ത് പ്രകാരം മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

2551-60-101-97—കാസർഗോഡ് പാക്കേജ്

വിഹിതം : 78,32,00,000 രൂപ (പദ്ധതി)

മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി 46.68 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

കാസർഗോഡ് വികസന പാക്കേജിനായി വകയിരുത്തിയിട്ടുള്ള 78.32 കോടിയിൽ നിന്നും നാളിതുവരെ ചെലവഴിച്ച 43,21,16,048 രൂപ (55.17%) കൂടാതെ 35,10,83,952 രൂപ (44.83%) ബാക്കി നിൽക്കുന്ന സാഹചര്യത്തിൽ നടപ്പ് വർഷത്തെ വിഹിതം തീരുന്ന മുറയ്ക്ക് അധിക വിഹിതം ആവശ്യമായി വരുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ

2403-00-190-94—കെ.എസ്.പി.ഡി.സി-ക്ക് സഹായം

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷന്റെ ഗ്രാമീണ വനിതകൾക്ക് വേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി - കെപ്കോ വനിതാ മിത്രം പദ്ധതി, കോഴി വളർത്തൽ-കേജ് സമ്പ്രദായം പദ്ധതി, ഫാമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ എന്നീ പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 6.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സ്വീകരിച്ച നടപടി

കെ.എസ്.പി.ഡി.സി.-ക്ക് അനുവദിച്ച പദ്ധതിവിഹിതമായ 750 ലക്ഷം രൂപ മുഴുവൻ ചെലവഴിച്ചിരുന്നില്ല. അതിൽ 295.64 ലക്ഷം രൂപ ധനകാര്യ വകുപ്പിന്റെ 31-3-21 ലെ 14/22 നമ്പർ ഉത്തരവു പ്രകാരം e-lams ൽ ഉൾപ്പെടുത്തുകയാണ് ഉണ്ടായത്. പ്രസ്തുത സാഹചര്യത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത 6.5 കോടി രൂപ അനുവദിച്ചിട്ടില്ല.

ശിപാർശ

2415-03-277-99-(36)—കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി-സഹായധനം - ശമ്പളേതരം

വിഹിതം : 85,78,01,000 രൂപ (പദ്ധതിയേതരം)

കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭിക്കേണ്ടതായ പ്രോവിഡന്റ് ഫണ്ടും അതിന്റെ പലിശയും, സർവ്വകലാശാലയിൽ നിന്നും വിരമിച്ചവർക്ക കൊടുക്കാവാനുള്ള ഡി.സി.ആർ.ജി., ടെർമിനൽ സറണ്ടർ, കമ്മ്യൂട്ടേഷൻ, പെൻഷൻ പരിഷ്കരണത്തിന് ആവശ്യമായ തുക, അധ്യാപകരുടെ യു.ജി.സി. കുടിശ്ശിക, യു.ജി.സി. റിവിഷൻ, കരിയർ അഡ്വാൻസ്മെന്റ്, പ്രൊമോഷൻ കുടിശ്ശിക, അധ്യാപകർക്കും ജീവനക്കാർക്കും തൊഴിലാളികൾക്കും നൽകുവാനുള്ള ക്ഷാമബത്ത കുടിശ്ശിക, വിരമിച്ചവർക്ക് നൽകുവാനുള്ള ക്ഷാമാശ്വാസ കുടിശ്ശിക എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 82.7477 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സ്വീകരിച്ച നടപടി

10-6-2021-ലെ സ.ഉ.(സാധാ)നം. 221/2021/എ.എച്ച്.ഡി. പ്രകാരം കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും കേരള വെറ്ററിനറി സർവ്വകലാശാലയിലേയ്ക്ക് ഓപ്ഷൻ നൽകി വന്ന 406 അനധ്യാപക ജീവനക്കാരുടെയും 208 തൊഴിലാളികളുടെയും പ്രോവിഡന്റ് ഫണ്ട് തുക, പലിശ ഉൾപ്പെടെയുള്ള കുടിശ്ശിക നൽകുന്നതിനായി 38.37 കോടി രൂപ 2415-03-277-99-00-31(NPV) ശീർഷകത്തിൽ നിന്നും രണ്ട് ഗഡുക്കളായി നൽകുന്നതിന് ഉത്തരവായിരുന്നു. തുടർന്ന് 28-8-21-ലെ സ.ഉ.(സാധാ)നം. 313 /2021/ എ.എച്ച്.ഡി. ഉത്തരവു പ്രകാരം ഈ ആവശ്യത്തിനായി 19.185 കോടി രൂപ 2415-03-277-99-31 (NP) എന്ന ശീർഷകത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സമിതി ശിപാർശ ചെയ്ത 82.7477 കോടി രൂപ അനുവദിച്ചിട്ടില്ല.

ശിപാർശ

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ ധനാഭ്യർത്ഥന നമ്പർ നിലവിൽ കൃഷി (XXIX) -നു കീഴിലാണ് വരുന്നത്. എന്നാൽ ടി. സർവ്വകലാശാല മൃഗസംരക്ഷണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ, ടി സ്ഥാപനത്തിന്റെ ധനാഭ്യർത്ഥന നമ്പർ മൃഗസംരക്ഷണം (XXXI)-ന് കീഴിൽ ഉൾപ്പെടുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സ്വീകരിച്ച നടപടി

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയെ ധനാഭ്യർത്ഥന XXIX-ൽ (കൃഷി) നിന്നും XXXI-ലേക്ക് (മൃഗസംരക്ഷണം) മാറ്റുന്നത് സംബന്ധിച്ച് സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി ലഭ്യമാക്കിയ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

ശിപാർശ

2403-00-190-93—എം.പി.ഐ. -യ്ക്ക് സഹായം

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

മാംസോൽപാദന രംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന ഒരേയൊരു പൊതുമേഖലാ സ്ഥാപനമാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ (എം.പി.ഐ.) ലിമിറ്റഡ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനു വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കൊല്ലം ജില്ലയിലെ ഏരൂർ അഞ്ചൽ വാല്യൂ ആഡഡ് പ്രോസസ്ഡ് മീറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി എന്ന മാംസ സംസ്കരണ യൂണിറ്റിനായി 1.36 കോടി രൂപയും തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ സ്ഥാപിക്കുന്ന കാള, പോത്ത് കിടാരി കേന്ദ്രം എന്ന പദ്ധതിയ്ക്കായി 3 കോടി രൂപയും കർഷകരിൽ നിന്നും നേരിട്ട് പക്ഷിമൃഗാദികളെ വാങ്ങാനുള്ള എം.പി.ഐ.-യുടെ കോവിഡ്-19 സ്പെഷ്യൽ പാക്കേജ് പദ്ധതിയ്ക്കായി 5 കോടി രൂപയും ഭക്ഷ്യ സുരക്ഷ അവയർനെസ് പ്രോഗ്രാമിനായി 1 കോടി രൂപയും എം.പി.ഐ.-യുടെ നേരിട്ടുള്ള മീറ്റ് ഷോപ്പുകൾ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ ഒഴികെയുള്ള 10 ജില്ലകളിൽ കൂടി സ്ഥാപിക്കൽ പദ്ധതിയ്ക്കായി 50 ലക്ഷം രൂപയും മൃഗാദികളുടെ മാലിന്യ സംസ്കരണത്തിനുള്ള റെൻഡറിംഗ് പ്ലാന്റുകൾ എല്ലാ ജില്ലയിലും എല്ലാ മുനിസിപ്പാലിറ്റികളിലും സ്ഥാപിക്കൽ പദ്ധതിയ്ക്കായി 5 കോടി രൂപയും ഇടയാറിലെ എം.പി.ഐ. ക്യാമ്പസിൽ ഇറച്ചി മസാലപ്പൊടികൾ, ഇറച്ചി സൂപ്പ്, ബോട്ടിലിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനായി 1.5 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 17.36 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സ്വീകരിച്ച നടപടി

അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത 17.36 കോടി രൂപ അനുവദിച്ചിട്ടില്ല.

ശിപാർശ

6403-00-190-99 (02) — മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിനുള്ള വായ്പകൾ (RIDF)

വിഹിതം : 13,13,00,000 രൂപ (പദ്ധതി)

തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ സ്ഥാപിക്കുന്ന കാള, പോത്ത് കിടാരി കേന്ദ്രം എന്ന പദ്ധതിക്കായി (RIDF) വിഹിതമായി 1.87 കോടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

<u>സ്വീകരിച്ച നടപടി</u>

തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ സ്ഥാപിക്കുന്ന കാള, പോത്ത് കിടാരി കേന്ദ്രം എന്ന പദ്ധതിക്കായി (RIDF) നബാർഡ് അംഗീകാരം ലഭിച്ചിട്ടില്ല. ആയതിനാൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത 1.87 കോടി രൂപ അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2403-00-190-86—<u>കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം</u>

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

ക്ഷീര കർഷകർക്ക് കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി ഈ ശീർഷകത്തിൽ 47.0833 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

<u>സ്വീകരിച്ച നടപടി</u>

അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത 47.0833 കോടി രൂപ അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2404-00-001-99 —<u>ഡയറക്ടറേറ്റ്</u>

വിഹിതം : 5,72,89,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01 (1) അടിസ്ഥാന ശമ്പളം ഇനത്തിൽ 20 ലക്ഷം രൂപയും (01) (2) ക്ഷാമബത്ത ഇനത്തിൽ 10 ലക്ഷം രൂപയും (01)(04) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 6 ലക്ഷം രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 1.15 ലക്ഷം രൂപയും (06) വാടക, കരം, നികുതി ഇനത്തിൽ 6.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 43.65 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2404-00-001-98 —<u>ജില്ലാ ഭരണം</u>

വിഹിതം : 14,90,73,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 85 ലക്ഷം രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 2.74 ലക്ഷം രൂപയും 02(4) കൺസോളിഡേറ്റഡ് പേ ഇനത്തിൽ 2.22 ലക്ഷം രൂപയും (06) വാടക, കരം, നികുതി ഇനത്തിൽ 16.5 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 106.46 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2404-00-001-97—<u>വികസന പ്രവർത്തന ഘടകങ്ങൾ</u>

വിഹിതം : 30,95,19,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 02(2) ക്ഷാമബത്ത ഇനത്തിൽ 5.93 ലക്ഷവും 02(04) കൺസോളിഡേറ്റഡ് പേ ഇനത്തിൽ 36.63 ലക്ഷവും ഉൾപ്പെടെ 42.56 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2404-00-102-99 — <u>പശുക്കളുടെ ക്ഷീരോല്പാദന ശേഷി മെച്ചപ്പെടുത്തുന്നതിനും കൂടുതൽ പാൽ ഉല്പാദിപ്പിക്കാനുമുള്ള പദ്ധതി</u>

വിഹിതം : 90,000 രൂപ (പദ്ധതിയേതരം)

വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർക്ക് ഇൻസെന്റീവ്, ഫെസ്റ്റിവൽ അലവൻസ് എന്നിവയും കന്നുകാലികളിലെ കൃത്രിമ ബീജദാനത്തിനുള്ള സെമന്റെ വിലയുമായുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 9.10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

സ്വീകരിച്ച നടപടി

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

ശിപാർശ

2404-00-102-96—ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ

വിഹിതം : 10,50,00,000 രൂപ (പദ്ധതി)

ക്ഷീരകർഷകർക്ക് കുളമ്പ് രോഗമുൾപ്പെടെയുള്ള പ്രതിസന്ധികൾ നേരിടുന്നതിന് അടിയന്തര ധനസഹായം ലഭ്യമാക്കുന്നതിനായി ഈ ശീർഷകത്തിൽ 1.8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സ്വീകരിച്ച നടപടി

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

ശിപാർശ

2404-00-102-79—കാലിത്തീറ്റക്കുള്ള സബ്സിഡി

വിഹിതം : 14,33,00,000 രൂപ (പദ്ധതി)

കോവിഡ്-19 മഹാമാരിമൂലം പ്രതിസന്ധി നേരിടുന്ന ക്ഷീര മേഖലയ്ക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ കാലിത്തീറ്റയ്ക്ക് പ്രത്യേക സബ്സിഡി പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. കാലിത്തീറ്റ സബ്സിഡി കൂടാതെ കന്നുകാലികൾക്ക് ധാതുലവണ മിശ്രിതം, വിറ്റാമിൻ സപ്ലിമെന്റ് എന്നിവ വിതരണം

ചെയ്യുന്നതിനുള്ള പദ്ധതി, ക്ഷീര സംഘങ്ങൾ മുഖാന്തരം സബ്സിഡി നിരക്കിൽ പച്ചപ്പുൽ/വൈക്കോൽ വിതരണ പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 73.87 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2404-00-102-77 —<u>കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉല്പാദനവും സൂക്ഷിക്കലും</u>

വിഹിതം : 7,60,00,000 രൂപ (പദ്ധതി)

കൂടുതൽ തീറ്റപ്പുൽ കൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2404-00-102-76 —<u>ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ധനസഹായം</u>

വിഹിതം : 25,00,000 രൂപ (പദ്ധതി)

ക്ഷീര കർഷകക്ഷേമനിധി അംഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2404-00-102-75 —<u>കന്നുകാലിത്തീറ്റ കൃഷി - വലിയ തുറ സ്വീവേജ് ഫാം</u>

വിഹിതം : 2,10,35,000 രൂപ (പദ്ധതിയേതരം)

സ്റ്റേറ്റ് ഫോഡർ ഫാമിന്റെ ദൈനംദിന പ്രവർത്തന ചെലവുകളും ഫാം തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുമായി 02(1) ശമ്പളം ഇനത്തിൽ 4.27 ലക്ഷം രൂപയും 02(3) മറ്റ് അലവൻസുകൾ ഇനത്തിൽ 75,000 രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 5.02 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2404-00-102-69—<u>കേരള സ്റ്റേറ്റ് ഫോഡർ ഫാം വലിയതുറയിൽ ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കൽ</u>

വിഹിതം : 50,00,000 രൂപ (പദ്ധതി)

തിരുവനന്തപുരം വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാം ആസ്ഥാനമായി ഒരു കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2404-00-109-98 —<u>ക്ഷീരവികസന പരിശീലനകേന്ദ്രം</u>

വിഹിതം : 4,67,10,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 02(1) ശമ്പളം ഇനത്തിൽ 1.92 ലക്ഷം രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 56,000 രൂപയും 05(4) മറ്റലവൻസുകൾ ഇനത്തിൽ 85,000 രൂപയും ഉൾപ്പെടെ ആകെ 3.33 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സ്വീകരിച്ച നടപടി

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

ശിപാർശ

2404-00-109-95—ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

സംസ്ഥാനത്ത് ഉൽപാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും, കാലിത്തീറ്റയുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനായി വകുപ്പിന്റെ സ്റ്റേറ്റ് ഡയറി ലാബ്, റീജിയണൽ ഡയറി ലാബ്, മൊബൈൽ ലാബ്, ജില്ലാ ലാബുകൾ എന്നിവയുടെ ആധുനികവത്കരണത്തിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

സ്വീകരിച്ച നടപടി

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

ശിപാർശ

2404-00-109-93—മിൽക്ക് ഷെഡ് വികസന പദ്ധതി

വിഹിതം : 40,28,00,000 രൂപ (പദ്ധതി)

ക്ഷീരോല്പാദന മേഖലയിലേയ്ക്ക് കൂടുതൽ കർഷകരേയും സംരംഭകരേയും സ്വയം സഹായ സംഘങ്ങളെയും കൊണ്ടുവരിക, സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക തുടങ്ങിയ ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.72 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2404-00-195-94-34—<u>ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം</u>

വിഹിതം : 13,00,00,000 രൂപ (പദ്ധതി)

ക്ഷീര സംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനും ക്ഷീര സംഘങ്ങളിൽ ആധുനികവത്ക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും സഹകരണ മേഖലയിൽ പാലുല്പാദനം സ്വയംപര്യാപ്തത കൈവരിച്ച സാഹചര്യത്തിൽ, പാലുല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

4404-00-102-87—<u>ക്ഷീര വകുപ്പിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ</u>

വിഹിതം : ഇല്ല (പദ്ധതി)

ചേർത്തല സബ് കോടതിയിൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് മിൽമയുടെ തുറവൂർ കാലിത്തീറ്റ ഫാക്ടറിയ്ക്കുവേണ്ടി ഈ ശീർഷകത്തിൽ 3.5132 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

ശീർഷകം പുനഃസ്ഥാപിക്കുന്നതിന്

സർക്കാരിന്റെ നയപരമായ തീരുമാന പ്രകാരം ക്ഷീര കർഷകരുടെ പെൻഷൻ തുക വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിന്

ആവശ്യമായ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, " 2404-00-800-78- കേരള ക്ഷീരകർഷക ക്ഷേമനിധിയ്ക്ക് പെൻഷൻ നല്കുന്നതിനുള്ള വിഹിതം" എന്ന ശീർഷകം പുനഃസ്ഥാപിച്ച് 115.2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2405-00-001-99—<u>ഭരണവും നടത്തിപ്പും</u>

വിഹിതം : 38,72,91,000 രൂപ (പദ്ധതിയേതരം)

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിൽ 6 ലക്ഷം രൂപ, ദിവസവേതനത്തിൽ 10 ലക്ഷം രൂപ, യാത്രാബത്തയിൽ 15 ലക്ഷം രൂപ, സ്ഥലംമാറ്റബത്തയിൽ 2 ലക്ഷം രൂപ, അവധിയാത്രാനുകൂല്യത്തിൽ 3 ലക്ഷം രൂപ, വെള്ളക്കരത്തിൽ 2 ലക്ഷം രൂപ, വൈദ്യുതി ചെലവിൽ 15 ലക്ഷം രൂപ, ടെലിഫോൺ ചെലവിൽ 4 ലക്ഷം രൂപ, ഓഫീസ് ചെലവ് മറ്റിനങ്ങളിൽ 4 ലക്ഷം രൂപ, വാടക, കരം, നികുതി എന്നിവയിൽ 21 ലക്ഷം രൂപ, സംരക്ഷണത്തിൽ 8 ലക്ഷം രൂപ, മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളിൽ 5 ലക്ഷം രൂപയും മറ്റു ചെലവുകളിൽ 7 ലക്ഷം രൂപയും പി.ഒ.എൽ.-ൽ 5 ലക്ഷം രൂപയും പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളിൽ 10 ലക്ഷം രൂപയും വാഹനങ്ങളുടെ വാടകയിൽ 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1.27 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 45,22,56,530 രൂപ ചെലവഴിച്ചിട്ടുണ്ട്. 6,49,65,530 രൂപ അധികതുക ചെലവഴിച്ചിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷൻ വഴി 22,51,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-001-98—<u>ഫിഷറീസ് പ്രോജക്റ്റ് സെൽ ശക്തിപ്പെടുത്തുന്നതിന്</u>

വിഹിതം : 10,46,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 05(4) മറ്റിനങ്ങൾ ഇനത്തിൽ 25,000 രൂപ ധനപുനഃവിനിയോഗം/ഉപധ നാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 05(4) മറ്റിനങ്ങൾ ഇനത്തിൽ തുക ആവശ്യമായി വന്നില്ല.

ശിപാർശ

2405-00-001-96— ആസൂത്രണവും സ്ഥിതി വിവര കണക്കും

വിഹിതം : 31,39,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(4) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 2 ലക്ഷം രൂപയും 04(1) യാത്രാബത്ത ഇനത്തിൽ 1 ലക്ഷം രൂപയും 04(2) സ്ഥലംമാറ്റബത്ത ഇനത്തിൽ 5,000 രൂപയും ഉൾപ്പെടെ ആകെ 3.05 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 37,59,266 രൂപ ചെലവഴിച്ചിട്ടുണ്ട്. 6,20,266 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷൻ ആയി 50,000 രൂപയും അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00-101-98—കുളങ്ങളിൽ മത്സ്യങ്ങളെ ശേഖരിക്കലും ഊർജ്ജിതമായി മത്സ്യക്കുഞ്ഞുങ്ങളെ വളർത്തലും

വിഹിതം : 12,05,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(4) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 1 ലക്ഷം രൂപയും 04(1) യാത്രാബത്ത ഇനത്തിൽ 50,000 രൂപയും 04(2) സ്ഥലംമാറ്റബത്ത ഇനത്തിൽ 25,000 രൂപയും 05(4) മറ്റിനങ്ങൾ ഇനത്തിൽ 50,000 രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 2.25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

<u>സ്വീകരിച്ച നടപടി</u>

10,72,881 രൂപയാണ് ആകെ ആവശ്യമായി വന്നത്. അതിനാൽ അധികതുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-101-97—<u>വൻകിട ജലശേഖരങ്ങളുടെ വികസനവും പ്രയോജനപ്പെടുത്തലും</u>

വിഹിതം : 3,50,15,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 02(1) ദിവസവേതനം ഇനത്തിൽ 5 ലക്ഷം രൂപയും 04(1) യാത്രാബത്ത ഇനത്തിൽ 2 ലക്ഷം രൂപയും 04(2) സ്ഥലംമാറ്റബത്ത ഇനത്തിൽ 10,000 രൂപയും 05(1) വെള്ളക്കരം ഇനത്തിൽ 10,000 രൂപയും 05(3) ടെലിഫോൺ ചെലവ് ഇനത്തിൽ 25,000 രൂപയും 05(4) മറ്റിനങ്ങൾ ഇനത്തിൽ 25,000 രൂപയും (06) വാടക, കരം, നികുതി ഇനത്തിൽ 25,000 രൂപയും (21) മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 50,000 രൂപയും (34) മറ്റ് ചെലവുകൾ ഇനത്തിൽ 50,000 രൂപയും (45) P.O.L. ഇനത്തിൽ 30,000 രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 9.25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

<u>സ്വീകരിച്ച നടപടി</u>

ദിവസവേതനം, യാത്രബത്ത, വെള്ളക്കരം, ടെലിഫോൺ ചെലവ്, മറ്റിനങ്ങൾ, വാടക, കരം, നികുതി, മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റ് ചെലവുകൾ, P.O.I. ഇനത്തിൽ അധികതുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-101-96—<u>കായലിൽ മത്സ്യങ്ങളെ വളർത്തൽ</u>

വിഹിതം : 17,77,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ കായലുകളിലും മറ്റ് ജലാശയങ്ങളിലും മത്സ്യ/ചെമ്മീൻ വളർത്തൽ പരിപാടിയിൽ തുടർന്നുവരുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

<u>സ്വീകരിച്ച നടപടി</u>

ഒഴിവുള്ള തസ്തികകളിൽ നിയമനം വൈകിയതിനാൽ അധികതുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-101-94—<u>കായൽ പരിശോധനയ്ക്ക്</u>

വിഹിതം : 45,97,000 രൂപ (പദ്ധതിയേതരം)

നദീമുഖങ്ങൾ, ജലാശയങ്ങൾ, കായലുകൾ എന്നിവിടങ്ങളിലെ നിയമരഹിതമായ മത്സ്യബന്ധനം തടയുന്നതിന് പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ യാത്രാബത്ത, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി 20,000 രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

<u>സ്വീകരിച്ച നടപടി</u>

യാത്രാബത്ത, മറ്റ് ആഫീസ് ചെലവുകൾ എന്നിവയിൽ പ്രതീക്ഷിച്ച ചെലവ് ഉണ്ടാകാത്തതിനാൽ അധികതുക ആവശ്യമായി വന്നില്ല.

**<u>ശിപാർശ</u>**

2405-00-101-91—<u>പൊതുമേഖലയിൽ ഉപ്പുജല മത്സ്യഫാമുകൾ</u>

വിഹിതം : 137,79,000 രൂപ (പദ്ധതിയേതരം)

പൊതുമേഖലയിലെ ഉപ്പുജല മത്സ്യ/ചെമ്മീൻ ഫാമുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, 1(4)-ൽ 1.2 ലക്ഷം രൂപയും ടെലിഫോൺ ചെലവ് 5(3)-ൽ 0.30 ലക്ഷം രൂപയും മറ്റ് ആഫീസ് ചെലവുകൾ 0.25 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 1.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

<u>സ്വീകരിച്ച നടപടി</u>

1,30,92,755 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പ്രതീക്ഷിച്ച ചെലവ് ഉണ്ടാകാത്തതിനാൽ അധികതുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-101-90—<u>ദേശീയ വിത്തുല്പാദന പരിപാടി</u>

വിഹിതം : 1,86,73,000 രൂപ (പദ്ധതിയേതരം)

മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ദേശീയ മത്സ്യക്കുഞ്ഞുല്പാദന കേന്ദ്രങ്ങളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, സ്ഥലംമാറ്റബത്ത, വെള്ളക്കരം, ടെലിഫോൺ ചെലവ്, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ നിന്നും 2,32,33,184 രൂപ ചെലവഴിച്ചിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷൻ മുഖേന 3,54,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-101-88- <u>നാടൻ വള്ളങ്ങളും സജ്ജീകരണങ്ങളും മെച്ചപ്പെടുത്തൽ</u>

വിഹിതം : 1,36,48,000 രൂപ (പദ്ധതിയേതരം)

ഉൾനാടൻ മേഖലയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ച് വരുന്ന നാടൻ വള്ളങ്ങളുടെയും വലകളുടെയും സുഗമമായ പ്രവർത്തനത്തിനും അവയുടെ സജ്ജീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളുടെ നടത്തിപ്പിന് അനുവദിച്ചതും തുടർന്ന് വരുന്നതുമായ ജീവനക്കാരുടെ യാത്രാബത്ത, മറ്റു ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 25,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

<u>സ്വീകരിച്ച നടപടി</u>

ജീവനക്കാരുടെ യാത്രാബത്ത, മറ്റ് ചെലവുകൾ എന്നിവയ്ക്കായി അധികതുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-101-50—<u>വേമ്പനാട്ട് കായൽ വൃത്തിയാക്കൽ യജ്ഞം</u>

വിഹിതം: 1,00,00,000 രൂപ (പദ്ധതി)

വേമ്പനാട്ട്, അഷ്ടമുടി തടാകങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് ബന്ധപ്പെട്ട ഏജൻസികളുടെയും പങ്കാളിത്തത്തോടെ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 60 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

<u>സ്വീകരിച്ച നടപടി</u>

പരിസ്ഥിതി വകുപ്പുമായി സഹകരിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നതിനാൽ അധികതുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-101-49- <u>കായലുകളുടെ ശുചീകരണത്തിനുള്ള ജനകീയ ക്യാമ്പയിൻ</u>

വിഹിതം : 1,000 രൂപ (പദ്ധതി)

കായലുകളുടെ ശുചീകരണത്തിനുള്ള ജനകീയ ക്യാമ്പയിൻ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

<u>സ്വീകരിച്ച നടപടി</u>

പരിസ്ഥിതി വകുപ്പുമായി സഹകരിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നതിനാൽ അധികതുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-102-97- <u>ബോട്ടുനിർമ്മാണശാലകൾ</u>

വിഹിതം : 7,38,000 രൂപ (പദ്ധതിയേതരം)

ബേപ്പൂരിലേയും ശക്തികുളങ്ങരയിലേയും ബോട്ടുനിർമ്മാണശാലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നിവയ്ക്കും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 80,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

<u>സ്വീകരിച്ച നടപടി</u>

യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നിവയ്ക്കും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി അധികതുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-103-99—<u>സമുദ്രമത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് വേണ്ടി അതിർത്തി മേഖലകളിൽ റോന്തുചുറ്റൽ</u>

വിഹിതം : 10,66,24,000 രൂപ (പദ്ധതിയേതരം)

കടൽമത്സ്യബന്ധന നിയന്ത്രണ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ പോലീസ് സൂപ്രണ്ടിന്റെ ചുമതലയിൽ പ്രവർത്തിച്ചുവരുന്ന വിഭാഗത്തിലെ ജീവനക്കാരുടെ യാത്രാബത്ത, സ്ഥലംമാറ്റബത്ത, ടെലഫോൺ ചെലവ്, വാടക, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 10.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

<u>സ്വീകരിച്ച നടപടി</u>

യാത്രാബത്ത, സ്ഥലമാറ്റബത്ത, ടെലിഫോൺ ചെലവ്, വാടക, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-103-86—<u>മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ്</u>

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

ഓഖി ദുരന്തത്തിനുശേഷം എല്ലാ ആധുനിക സംവിധാനങ്ങളും പാരാ മെഡിക്കൽ സ്റ്റാഫും വൈദ്യ സഹായത്തിനുള്ള സജ്ജീകരണങ്ങളും ഉൾക്കൊള്ളുന്ന മൂന്ന് മറൈൻ ആംബുലൻസുകളുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചുവെന്ന് സമിതി മനസ്സിലാക്കുന്നു. അവയുടെ ഇന്ധനച്ചെലവ്, എ.എം.സി ചാർജ്ജ്, മരുന്നുകളുടെ ചെലവ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

<u>സ്വീകരിച്ച നടപടി</u>

3 മറൈൻ ആംബുലൻസുകളുടെ ഇന്ധന ചെലവ്, AMC ചാർജ്, മരുന്നുകളുടെ ചെലവ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-103-84— <u>മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം</u>

വിഹിതം : 56,25,00,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ആവശ്യത്തിനായി പ്രതിമാസം നിശ്ചിത തോതിൽ സബ്സിഡി നിരക്കിൽ കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും വെള്ള മണ്ണെണ്ണ നേരിട്ട് ലഭ്യമാക്കി പ്രാഥമിക

മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ, 63.75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

<u>സ്വീകരിച്ച നടപടി</u>

പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കുള്ള മണ്ണെണ്ണ സബ്സിഡി നൽകുന്നതിന് 2405-00-103-84-33(NP) എന്ന ശീർഷകത്തിൽ 56.25 കോടി രൂപ വകയിരുത്തിയിരുന്നു. ഈ ഇനത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-103-82—<u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി (എൻ.സി.ഡി.സി സഹായം)</u>

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

എൻ.സി.ഡി.സി. സ്പെഷ്യൽ സപ്പോർട്ട് സ്കീം, ഐ.എഫ്.ഡി.പി. 2020-21 പദ്ധതികളിലുമായി സബ്സിഡി ഇനത്തിൽ മത്സ്യഫെഡിനു നൽകാനുള്ള തുകയിനത്തിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.12 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

<u>സ്വീകരിച്ച നടപടി</u>

അനുവദിച്ചിരുന്ന 1 കോടി രൂപയ്ക്ക് പുറമേ 4.73 കോടി രൂപ അധികമായി അഡീഷണൽ ആതറൈസേഷൻ മുഖേന മത്സ്യഫെഡിന് അനുവദിച്ചിട്ടുണ്ട്. തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-103-77—<u>നീല വിപ്ലവം - സംയോജിത മത്സ്യബന്ധന വികസനവും മാനേജ്മെന്റും (60% സി. എസ്. എസ്.)</u>

വിഹിതം : 14,00,00,000 രൂപ (പദ്ധതി)

2020-21 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ (PMMSY) നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 6.6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

<u>സ്വീകരിച്ച നടപടി</u>

അധിക ധനാനുമതിയായി 26.2575 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-103-74—<u>തീരദേശ പ്രാദേശിക വികസന പാക്കേജുകളുടെ സമഗ്രപ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ</u>

വിഹിതം : ഇല്ല (പദ്ധതി)

തീരദേശ പ്രാദേശിക വികസന പാക്കേജുകൾ നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

<u>സ്വീകരിച്ച നടപടി</u>

പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയ സ്ഥാപനത്തിന് സമയപരിധിക്കകം റിപ്പോർട്ട് സമർപ്പിക്കാൻ കഴിയാതിരുന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-103-72—<u>പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട മാസ്റ്റർ കൺട്രോൾ റൂം റീജിയണൽ കൺട്രോൾ റൂമുകളുടെയും പ്രവർത്തനം</u>

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ചുള്ള, പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട മാസ്റ്റർ കൺട്രോൾ റൂം റീജിയണൽ കൺട്രോൾ റൂമുകളുടെയും പ്രവർത്തനം നടത്തുന്നതിന് ഈ ശീർഷകത്തിൽ 0.9999 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

<u>സ്വീകരിച്ച നടപടി</u>

മാസ്റ്റർ കൺട്രോൾ റൂമിന്റെ പ്രവർത്തനങ്ങൾക്കായി വേണ്ടി വന്ന തുക 2405-00-103-76 (P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ചതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2405-00-103-71—സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ

വിഹിതം : 2,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ ശമ്പളം/വേതനം മറ്റ് ആനുകൂല്യങ്ങൾ ഓഫീസ് ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 1.1998 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

സ്വീകരിച്ച നടപടി

അഡീഷണൽ ഓതറൈസേഷൻ മുഖേന 1,08,87,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00-105-99—ഐസ് പ്ലാന്റുകളും കോൾഡ് സ്റ്റോറേജുകളും

വിഹിതം : 20,87,000 രൂപ (പദ്ധതിയേതരം)

ഐസ് പ്ലാന്റുകളിലും കോൾഡ് സ്റ്റോറേജുകളിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 9.13 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

സ്വീകരിച്ച നടപടി

16,34,590 രൂപയാണ് ആവശ്യമായി വന്നത്.അതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2405-00-105-88—തീരമൈത്രി സൂപ്പർ മാർക്കറ്റ്

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

തീരമൈത്രി സൂപ്പർമാർക്കറ്റുകളിൽ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 24.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

<u>സ്വീകരിച്ച നടപടി</u>

തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി തീരമാവേലി പദ്ധതി പ്രകാരം 2405-00-105-88-53 (NP) - ശീർഷകത്തിൽ റീ-അപ്രോപ്രിയേഷൻ മുഖേന 13,78,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-105-86—<u>മത്സ്യമാർക്കറ്റുകൾ, വാല്യൂ അഡിഷൻ, വിളവെടുപ്പ് പൂർവ്വ പ്രവർത്തനങ്ങൾ എന്നിവയുടെ നവീകരണം</u>

വിഹിതം: 1,50,00,000 രൂപ (പദ്ധതി)

ലൈഫ് ഫിഷ് മാർക്കറ്റുകളുടെയും മത്സ്യസൂപ്പർ മാർക്കറ്റുകളുടെയും നിലവിലുള്ള മത്സ്യമാർക്കറ്റുകളുടെയും നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

<u>സ്വീകരിച്ച നടപടി</u>

അരൂർ ഫിഷ് മാർക്കറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് പുതുക്കിയ ഭരണാനുമതി ആവശ്യമാണ്. പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് മാത്രമേ അധിക തുക ആവശ്യമായി വരികയുള്ളൂ.

<u>ശിപാർശ</u>

2405-00-109-99—<u>ഗവേഷണ പദ്ധതികൾ</u>

വിഹിതം : 93,72,000 രൂപ (പദ്ധതിയേതരം)

ഗവേഷണ പദ്ധതിക്കുവേണ്ടി അനുവദിച്ച തുടർന്നു വരുന്ന ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

<u>സ്വീകരിച്ച നടപടി</u>

31,27,617 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-109-98—<u>മത്സ്യബന്ധന സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും</u>

വിഹിതം : 8,66,76,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലേയും പരിശീലന കേന്ദ്രങ്ങളിലേയും ജീവനക്കാരുടെ യാത്രാബത്ത, സ്ഥലംമാറ്റ ബത്ത, മറ്റ് ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

<u>സ്വീകരിച്ച നടപടി</u>

യാത്രാബത്ത, സ്ഥലംമാറ്റ ബത്ത, മറ്റ് ഓഫീസ് ചെലവുകൾക്കായി അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-109-95— <u>പരിശീലനവും വിപുലീകരണവും</u>

വിഹിതം : 79,45,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, യാത്രാബത്ത, സ്ഥലംമാറ്റബത്ത, വെള്ളക്കരം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 20.55 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

<u>സ്വീകരിച്ച നടപടി</u>

അധിക തുക ആവശ്യമായി വന്നില്ല

<u>ശിപാർശ</u>

2405-00-109-95—<u>പരിശീലനവും വിപുലീകരണവും</u>

വിഹിതം : ഇല്ല (പദ്ധതി)

കാവിലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

<u>സ്വീകരിച്ച നടപടി</u>

കാവിലിന്റെ നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കെട്ടിക്കിടക്കുന്ന ബില്ലുകൾ തീർപ്പാക്കുന്നതിനായി 17-12-2021-ലെ സ.ഉ.(സാധാ) നം. 750/2021/മ.തു.വ. പ്രകാരം 2405-00-190-95(P) എന്ന ശീർഷകത്തിൽ നിന്നും 23,79,000 രൂപ അനുവദിച്ചു

നൽകിയിട്ടുണ്ട്. കൂടാതെ 7-4-2022-ലെ സ.ഉ.(സാധാ)നം. 226/2022/മത്സ്യബന്ധന പ്രകാരം റീബിൽഡ് കേരളം ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം അനുവദിച്ച തുക റിക്കൂപ് ചെയ്യുന്നതിനായി 15,26,906 രൂപ 2405-00-190-95(P) എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-109-94—<u>ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷനേറിയവും സ്ഥാപി ക്കൽ</u>

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷനേറിയവും സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 9.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

<u>സ്വീകരിച്ച നടപടി</u>

കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകാത്തതിനാൽ ഇന്റഗ്രേറ്റഡ് അക്വാപാർക്കുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചിട്ടില്ലാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-109-91—<u>വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും</u>

വിഹിതം : 1,80,000 രൂപ (പദ്ധതി)

വകുപ്പിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പരിശീലന പരിപാടികളും വിജ്ഞാനവ്യാപനവും നടപ്പിലാക്കുന്നതിനും ഫിഷറീസ് ഡയറക്ടറേറ്റിൽ പുതുതായി ആരംഭിക്കുന്ന ഫിഷറിസ് കാൾസെന്ററിന്റെ പ്രവർത്തന ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ_ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 129)

<u>സ്വീകരിച്ച നടപടി</u>

വകുപ്പിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും, നിലവിലുള്ള പരിശീലന പരിപാടികളും വിജ്ഞാന വ്യാപനവും നടപ്പിലാക്കുന്നതിനും ഫിഷറീസ് ഡയറക്ടേറ്റിൽ പുതുതായി ആരംഭിക്കുന്ന ഫിഷറീസ് കോൾ സെന്ററിന്റെ പ്രവർത്തന ചെലവുകൾ എന്നിവയ്ക്കാണ് ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ആവശ്യമുണ്ടായിരുന്നത്.

എന്നാൽ കോൾ സെന്ററിൽ കരാർ അടിസ്ഥാനത്തിൽ രണ്ട് ജീവനക്കാരെ നിയമിക്കുന്നതിനുള്ള അനുമതി 27-11-2021-നാണ് നൽകാനായത്. കൂടാതെ ഇ-ഓഫീസ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വിനിയോഗിച്ചതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2405-00-110-98—പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണം

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണത്തിനായി ഈ ശീർഷകത്തിൽ 2.10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 130)

സ്വീകരിച്ച നടപടി

പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവത്കരണത്തിനായി 60 ലക്ഷം രൂപ റീ അപ്രോപ്രിയേഷൻ വഴി അധികമായി അനുവദിച്ചു നൽകിയിട്ടുണ്ട്.

ശിപാർശ

2405-00-110-96—മണ്ണെണ്ണ എഞ്ചിനുകളിൽ നിന്നും ബോട്ടുകളെ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിനുള്ള സബ്സിഡി

വിഹിതം : 1,000 രൂപ (പദ്ധതി)

പത്ത് വർഷത്തിൽ കൂടുതൽ കാലപ്പഴക്കം ചെന്ന ബോട്ടുകളിലെ മണ്ണെണ്ണ എഞ്ചിനുകൾ മാറ്റി പെട്രോൾ എഞ്ചിനുകളാക്കുന്നതിനുള്ള സബ്സിഡി സംബന്ധിച്ച ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 59.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 131)

സ്വീകരിച്ച നടപടി

ഫിഷറീസ് ഡയറക്ടർ റീ അപ്രോപ്രിയേഷനുള്ള നിർദ്ദേശം സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കാനായില്ല.

ശിപാർശ

2405-00-110-95—ചെറുകിട ഇൻബോർഡ് യന്ത്രവത്കൃത വള്ളങ്ങൾക്കുള്ള ഇന്ധന സബ്സിഡി

വിഹിതം : 1,000 രൂപ (പദ്ധതി)

ചെറുകിട ഇൻബോർഡ് യന്ത്രവത്കൃത വള്ളങ്ങൾക്കുള്ള ഇന്ധന സബ്സിഡി അനുവദിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 9.9999 കോടി

രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 132)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00-120-98—ലിംഗ സമത്വ സ്ത്രീശാക്തീകരണ നയനിർവ്വഹണം-സ്റ്റാഫിനുള്ള ധനസഹായം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

ലിംഗ സമത്വ പദ്ധതി നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 9.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 133)

സ്വീകരിച്ച നടപടി

സാഫ് മുഖേനയുള്ള ലിംഗ സമത്വ പദ്ധതി നിർവ്വഹണത്തിനായി 2405-00-120-98 (നോൺപ്ലാൻ) ശീർഷകത്തിൽ 10,00,000 രൂപയുടെ പ്രൊപ്പോസലിന് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയിരുന്നു. റീ അപ്രോപ്രിയേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00-120-97—ഓൺ ലൈൻ വ്യാപാരത്തിന് ഇ-ഓട്ടോ വാങ്ങുന്നതിന് മത്സ്യഫെഡ് വഴി അനുവദിക്കുന്ന വായ്പകൾക്കുള്ള സബ്സിഡി

വിഹിതം : 1,000 രൂപ (പദ്ധതി)

ഓൺ ലൈൻ വ്യാപാരത്തിനായി മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇ-ഓട്ടോ വാങ്ങുന്നതിന് മത്സ്യഫെഡ് വഴി നൽകുന്ന പദ്ധതി വായ്പകൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 99.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 134)

<u>സ്വീകരിച്ച നടപടി</u>

2405-00-120-97 (പദ്ധതി) ശീർഷകത്തിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യക്കച്ചവടം നടത്തുന്നതിന് ഇ-ഓട്ടോ നൽകുന്നതിന് 3.10 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി നടപ്പലാക്കുന്നതിന് കേരള ഓട്ടോമൊബൈൽസിന്റെ സബ്സിഡിയായ 30 ലക്ഷം രൂപയും ഗുണഭോക്തൃ വിഹിതവും കഴിച്ച് 2.70 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലാണ് മത്സ്യഫെഡ് സമർപ്പിച്ചിരുന്നത്. എൻ.ബി.സി./എഫ്.ഡി.സി./എൻ.എം.ഡി. എഫ്.സി.ടേം വായ്പ പദ്ധതിയിൽ വസ്തു ജാമ്യത്തിലോ സർക്കാർ ഉദ്യോഗസ്ഥ ജാമ്യത്തിലോ മത്സ്യഫെഡിന് വ്യക്തികൾക്ക് വായ്പ നൽകാൻ കഴിയുകയുള്ളൂ. ഈടു വെച്ചുള്ള വായ്പ എടുക്കുന്നതിന് മത്സ്യത്തൊഴിലാളി വനിതകൾ തയ്യാറാകാത്തതിനാൽ ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചില്ല. അതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-120-96—<u>മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് മത്സ്യഫെഡ് വഴി നൽകുന്ന വായ്പകൾക്ക് ഉള്ള സബ്സിഡി</u>

വിഹിതം : 1,000 രൂപ (പദ്ധതി)

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് മത്സ്യഫെഡ് വഴി നൽകുന്ന വായ്പകൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 99.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 135)

<u>സ്വീകരിച്ച നടപടി</u>

നബാഡ് /കേരള ബാങ്ക് എന്നിവയുമായി ബന്ധപ്പെട്ടുവെങ്കിലും കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുവാൻ സാധിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-121-99—<u>മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയ്ക്ക് അധിക സംസ്ഥാന വിഹിതം</u>

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണിത്. ഓരോ വർഷവും 5

തവണകളിലായി 1500 രൂപ മത്സ്യത്തൊഴിലാളികളിൽ നിന്ന് ശേഖരിച്ച് ബാങ്കിൽ നിക്ഷേപിക്കുകയും സംസ്ഥാന വിഹിതമായ 3,000 രൂപയും ചേർത്ത് 4,500 രൂപ മൂന്നു തവണകളിലായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നു. ഇതനുസരിച്ച് 1,78,800 മത്സ്യത്തൊഴിലാളികൾ 2020-21 വർഷം പദ്ധതിയിൽ അംഗമായി കഴിഞ്ഞു. ഇവർക്ക് 2021-22 വർഷം മേയ്, ജൂൺ, ജൂലൈ മാസങ്ങളിലായി പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ധനസഹായം അനുവദിക്കേണ്ടതുണ്ട്. 2021-22 വർഷം ഇതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 33.64 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 136)

<u>സ്വീകരിച്ച നടപടി</u>

2405-00-121-99(പദ്ധതി) ശീർഷകത്തിൽ അധിക ധനാനുമതിയായി 31,02,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ആകെ 51,02,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-190-94—<u>ലിംഗ സമത്വ സ്ത്രീശാക്തീകരണ നയനിർവ്വഹണം- മത്സ്യഫെഡിനുള്ള ധനസഹായം</u>

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

സ്ത്രീ ശാക്തീകരണ പദ്ധതിയിൽ സ്ത്രീകൾക്ക് മൈക്രോ എന്റർപ്രൈസസ്/ സ്കിൽ ട്രെയിനിംഗ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 9.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 137)

<u>സ്വീകരിച്ച നടപടി</u>

ലിംഗസമത്വം പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യഫെഡ് സമർപ്പിച്ചിരുന്ന 10 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിക്കും തുക അനുവദിക്കുന്നതിനുമായി സമർപ്പിച്ചിരുന്നു. എന്നാൽ കോവിഡ് പകർച്ചവ്യാധി കണക്കിലെടുത്ത് പദ്ധതി പ്രവർത്തനം അടുത്ത സാമ്പത്തിക വർഷത്തിലേയ്ക്ക് മാറ്റിയതിനാൽ തുക അനുവദിച്ചില്ല.

2405-00-800-90—<u>2018-19-ൽ പലിശ സബ്സിഡി നിലവിൽ വരുന്നതിന് മുൻപ് നൽകിയിട്ടുള്ള നിഷ്ക്രിയ ആസ്തികളായ വായ്പകളുടെ പലിശയും പിഴപലിശയും ഒഴിവാക്കി ഒറ്റതവണ തീർപ്പാക്കൽ പദ്ധതി.</u>

വിഹിതം : 1,000 രൂപ (പദ്ധതി)

2018-19-ൽ പലിശ സബ്സിഡി നിലവിൽ വരുന്നതിന് മുൻപ് നൽകിയിട്ടുള്ള നിഷ്ക്രിയ ആസ്തികളായ വായ്പകളുടെ പലിശയും പിഴ പലിശയും ഒഴിവാക്കി ഒറ്റതവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 28 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 138)

<u>സ്വീകരിച്ച നടപടി</u>

24-3-2022-ലെ സ.ഉ. (സാധാ) നം., 167/2022/മ. തു.വ. പ്രകാരം മത്സ്യഫെഡിന്റെ തനതു ഫണ്ടിൽ നിന്നും 5 കോടി ചെലവഴിച്ചു കൊണ്ട് മത്സ്യഫെഡ് ലോണിലെ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിക്കായി 10 കോടിയുടെ ഭരണാനുമതി നൽകിയെങ്കിലും ഇതിലേക്കായി തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

4405-00-101-95—<u>നഴ്സറികൾ സ്ഥാപിക്കൽ</u>

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

മത്സ്യ വിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി ഭരണാനുമതി ലഭിച്ച ഓടയം, അഴീക്കോട്, പീച്ചി, വളഞ്ഞ വഴി, പുതിയങ്ങാടി മുതലായ ഹാച്ചറികളുടെ നിർമ്മാണ പ്രവർത്തനം 2021-22 സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 139)

<u>സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷം 4405-00-101-95(P) നഴ്സറികൾ സ്ഥാപിക്കൽ പദ്ധതിക്കായി ബഡ്ജറ്റ് വിഹിതമായി 700 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിനാൽ നാളിതുവരെ 469.708 ലക്ഷം രൂപയാണ് വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുള്ളത്. കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന വളഞ്ഞവഴി, മലമ്പുഴ, ഓടയം, പുതിയങ്ങാടി എന്നീ ഹാച്ചറികളുടെ നിർമ്മാണം കോവിഡിന്റെ പശ്ചാത്തലത്തിൽ മന്ദഗതിയിലായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

4405-00-101-90—<u>അക്വാകൾച്ചർ ഡെവലപ്മെന്റ്</u>

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

ഫീഡ് മില്ലിന്റെ വികസനം, ഡെമോൺസ്ട്രേഷൻ ഫാം, അക്വാകൾച്ചർ ഇൻപുട്ടുകൾക്കായുള്ള ഏകജാലകം എന്നീ അക്വാകൾച്ചറിന് വേണ്ടിയുള്ള സഹായ സേവനങ്ങൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 140)

<u>സ്വീകരിച്ച നടപടി</u>

ഡെമോൺൺസ്ട്രേഷൻ യൂണിറ്റുകൾ, ഫീഡ് മിൽ, അക്വാകൾച്ചർ ഇൻപുട്ടുകൾക്കായുള്ള ഏകജാലകം എന്നിവയുടെ പ്രവർത്തനം കോവിഡിന്റെ പശ്ചാത്തലത്തിൽ വേണ്ടത്ര പുരോഗമിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

4405-00-103-98—<u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി(100% എൻ.സി.ഡി.സി. സഹായം)</u>

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണം നടത്തുന്ന ഐ.എഫ്.ഡി.പി.-യുടെ 2017-18, 2019-20 വർഷത്തെ പദ്ധതികളിലും 2021-22 വർഷം നടപ്പിലാക്കുന്ന 2020-21 പദ്ധതിയിലുമുള്ള ഘടകങ്ങളിൽ ഓഹരി മൂലധനമായി ഈ ശീർഷകത്തിൽ 16.3016 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 141)

<u>സ്വീകരിച്ച നടപടി</u>

അഡീഷണൽ ആതറൈസേഷൻ മുഖേന 6.56 കോടി രൂപ മത്സ്യഫെഡിന് അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-103-94—<u>തീരദേശ റോഡുകളുടെ നവീകരണം</u>

വിഹിതം : 80,00,00,000 രൂപ (പദ്ധതിയേതരം)

തീരദേശ റോഡുകളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 142)

സ്വീകരിച്ച നടപടി

4405-00-103-94 upgradation of coastal roads എന്ന ശീർഷകം ലെറ്റർ ഓഫ് ക്രെഡിറ്റ് ശീർഷകമായതിനാൽ ലെറ്റർ ഓഫ് ക്രെഡിറ്റ് മുഖേന അനുവദിച്ച 75.28 കോടി രൂപയും ചേർത്ത് ആകെ 155.28 കോടി രൂപ ചെലവഴിച്ചു.

ശിപാർശ

4405-00-103-93- മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

മത്സ്യത്തൊഴിലാളികൾക്ക് നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികളുടെ പൂർത്തീകരണത്തിനും പ്രതിഭാതീരം പദ്ധതി നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1.0599 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 143)

സ്വീകരിച്ച നടപടി

മത്സ്യത്തൊഴിലാളി കുട്ടികളുടെ പഠന നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ തീരപ്രദേശത്തെ തെരഞ്ഞെടുക്കപ്പെട്ട 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്ന പ്രതിഭാതീരം പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജി.ഒ.(ആർ.ടി.) നം. 632/2020/മാതുവ. തീയതി 28-10-2020 പ്രകാരം സർക്കാർ ടി പദ്ധതിക്കായി 1,06,66,350 രൂപ അനുവദിച്ചിട്ടുണ്ട്. കുട്ടികളുടെ പഠന സഹായത്തിനായുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ടെൻഡർ ക്ഷണിക്കുകയും കെൽട്രോൺ ഉപകരണങ്ങൾക്കായി ഏറ്റവും കുറഞ്ഞ തുക 1,50,19,875 രൂപ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 3-1-2022-ൽ ടി തുക നിലവിലെ എസ്റ്റിമേറ്റ് പ്രകാരം 1,59,06,148 രൂപയാകുമെന്ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. ടി തുക ഭരണാനുമതി ലഭിച്ച തുകയെ അധികരിക്കുന്ന സാഹചര്യത്തിൽ പദ്ധതിയുടെ തുടർ നടത്തിപ്പിനായി പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് മാത്രമേ അധിക തുക ആവശ്യമായി വരികയുള്ളൂ.

ശിപാർശ

4405-00-103-89—പുനർഗേഹം - കടൽതീരത്തിന് 50 മീറ്റർ ചുറ്റളവിൽതാമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

വിഹിതം : 1,000 രൂപ (പദ്ധതി)

കടൽ തീരത്തു നിന്നും 50 മീറ്റർ പരിധിയ്ക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്കായി ഈ ശീർഷകത്തിൽ 49.99 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 144)

സ്വീകരിച്ച നടപടി

ടി പദ്ധതിക്കായി മുഖ്യമന്ത്രിയുടെ ദുരതാശ്വാസനിധിയിൽ നിന്നും തുക ലഭ്യമായത് തൻവർഷത്തേയ്ക്ക് പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4405-00-104-61- കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (സംസ്ഥാന പദ്ധതി)

വിഹിതം : 60,00,000 രൂപ (പദ്ധതി)

കൊയിലാണ്ടി സബ്ഡിവിഷനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 145)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന 23,65,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4405-00-104-54—നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

RIDF Tranche XXIII, XXV-ൽ ഉൾപ്പെട്ട പ്രവർത്തികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 146)

സ്വീകരിച്ച നടപടി

അഡീഷണൽ ഓതറൈസേഷൻ മുഖേന 1040.64 ലക്ഷം രൂപയും റീ അപ്രോപ്രിയേഷൻ മുഖേന 217.87 ലക്ഷം രൂപയും അനുവദിച്ചിരുന്നു. അധികമായി ലഭിച്ച മുഴുവൻ തുകയും ചെലവഴിച്ചു. ടി ശീർഷകത്തിൽ ആകെ ചെലവ് 2258.51 ലക്ഷം രൂപയാണ്.

ശിപാർശ

4405-00-104-37—മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കലും

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കലും എന്ന പ്രവർത്തിയ്ക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 147)

സ്വീകരിച്ച നടപടി

അഡീഷണൽ ഓതറൈസേഷൻ മുഖേന 707.71 ലക്ഷം രൂപ അധികമായി അനുവദിച്ചു. ടി ശീർഷകത്തിൽ ആകെ ചെലവ് 1607.71 ലക്ഷം രൂപയാണ്.

ശിപാർശ

4405-00-104-36—പി.എം.എം.എസ്.വൈ-കടലോര മത്സ്യബന്ധന അടിസ്ഥാനസൗകര്യം, മത്സ്യബന്ധനത്തിന് ശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനുള്ള പദ്ധതി

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

പി.എം.എം.എസ്.വൈ - കടലോര മത്സ്യബന്ധന അടിസ്ഥാന സൗകര്യം, മത്സ്യബന്ധനത്തിന് ശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനുള്ള പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 148)

<u>സ്വീകരിച്ച നടപടി</u>

അഡീഷണൽ ഓതറൈസേഷൻ മുഖേന 2008.35 ലക്ഷം രൂപ അധികമായി അനുവദിച്ചു. ടി ശീർഷകത്തിൽ ആകെ ചെലവ് 3008.35 ലക്ഷം രൂപയാണ്

<u>ശിപാർശ</u>

4405-00-104-33—<u>മത്സ്യം കരക്കടുപ്പിക്കൽ കേന്ദ്രങ്ങൾക്ക് (എൽ.എ.ആർ.)</u>

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

വിവിധ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾക്ക് എൽ.എ.ആർ. കേസുകൾക്കായി വിഹിതം നൽകുന്നതിനായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 149)

<u>സ്വീകരിച്ച നടപടി</u>

ഈ ഇനത്തിൽ ആവശ്യമായി വന്ന 69,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-109-98—<u>മത്സ്യകൃഷി പരിശീലന കേന്ദ്രങ്ങൾ പണി പൂർത്തിയാക്കലും മത്സ്യ ഭവനങ്ങൾ സ്ഥാപിക്കലും ശക്തിപ്പെടുത്തലും</u>

വിഹിതം : 1,20,00,000 രൂപ (പദ്ധതി)

കൊല്ലം ജില്ലാ മത്സ്യഭവൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന ഫിഷറീസ് ട്രെയിനിംഗ് സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തികൾക്കായി ഈ ശീർഷകത്തിൽ 1.3 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 150)

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ നിന്നും 9,49,845 രൂപ ചെലവഴിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ മത്സ്യഭവൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന ഫിഷറീസ് ട്രെയിനിംഗ് സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തികൾക്കായാണ് 130 ലക്ഷം രൂപ അധികമായി

ആവശ്യമുണ്ടായിരുന്നത്. എന്നാൽ ബേപ്പൂർ ഫിഷറീസ് സ്റ്റേഷൻ നിർമ്മാണ പ്രവർത്തികൾ രണ്ടു ഘട്ടമായി നടപ്പാക്കുന്നതിനായിട്ടാണ് 220 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുള്ളത്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി നടപ്പു സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതം വിനിയോഗിക്കാൻ സാധിക്കുന്നതാണ്. കൂടാതെ കൊല്ലം ജില്ലാ മത്സ്യഭവൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥല ലഭ്യതയുടെ കാര്യത്തിൽ തീരുമാനമാകാത്തതിനാൽ നിർമ്മാണ നടപടികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

പുതിയ ശീർഷകം അനുവദിക്കുന്നതിന്

ശിപാർശ

2021-22 -ലെ ആദ്യ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം കക്ക വാരൽ സംഘങ്ങൾക്ക് പ്രത്യേക ധനസഹായ പദ്ധതി നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 151)

സ്വീകരിച്ച നടപടി

പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ തുക അനുവദിക്കേണ്ട ആവശ്യം വന്നില്ല.

ശിപാർശ

2021-22 -ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം മത്സ്യസംസ്കരണ യൂണിറ്റുകൾക്കുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 152)

സ്വീകരിച്ച നടപടി

2021-22- ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം മത്സ്യ സംസ്കരണ യൂണിറ്റുകൾക്കുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പിലാക്കുന്നതിലേക്കാവശ്യമായ 5 കോടി രൂപ അനുവദിക്കുവാൻ SDG പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും തുക അനുവദിച്ചില്ല.

<u>ശിപാർശ</u>

2021-22-ലെ ആദ്യ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തീരദേശ വികസനത്തിനുള്ള സ്പെഷ്യൽ പാക്കേജ് പ്രകാരം ചെല്ലാനം മാതൃകാ മത്സ്യഗ്രാമ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 153)

<u>സ്വീകരിച്ച നടപടി</u>

മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ രൂപീകരണത്തിനായി കുഫോസ്, തീരദേശ വികസന കോർപ്പറേഷൻ എന്നിവർ ചേർന്ന് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ DPR പൂർത്തിയാകാത്തതിനാൽ പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

<u>ശിപാർശ</u>

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ ഓട്ടോമേഷൻ നടപ്പിലാക്കുന്നതിനും പ്രവർത്തനമൂലധനം റിവോൾവിംഗ് ഫണ്ടായി നൽകുന്നതിനും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനുമായി പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 154)

<u>സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ ഓട്ടോമേഷൻ നടപ്പിലാക്കുന്നതിനും പ്രവർത്തന മൂലധനം റിവോൾവിംഗ് ഫണ്ടായി നൽകുന്നതിനും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനുമായി പുതിയ ശീർഷകം അനുവദിച്ച് തുക അനുവദിക്കുവാനായില്ല.

<u>ശീർഷകം പുനഃസ്ഥാപിക്കുന്നതിന്</u>

<u>ശിപാർശ</u>

2405-00-105-96—<u>മൂല്യവർദ്ധിത വിപണി</u>

വിഹിതം : ഇല്ല (പദ്ധതി)

ആറാട്ടുപുഴ ഫിഷ് മീൽ പ്ലാന്റ് സജ്ജമാക്കുന്നതിന് മേൽ ശീർഷകം പുനഃസ്ഥാപിച്ച് 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 155)

<u>സ്വീകരിച്ച നടപടി</u>

ആറാട്ടുപുഴ ഫിഷ് മീൽ പ്ലാന്റ് സജ്ജമാക്കുന്നതിനായി SDG പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

2405-00-800-96—<u>യാൺ ട്വിസ്റ്റിങ്ങ് യൂണിറ്റ്</u>

വിഹിതം : ഇല്ല (പദ്ധതി)

ആലപ്പുഴ ജില്ലയിലെ പറവൂരിൽ ട്വൈൻ ട്വിസ്റ്റിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി മേൽ ശീർഷകം പുനഃസ്ഥാപിച്ച് 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 156)

<u>സ്വീകരിച്ച നടപടികൾ</u>

G.O.(Rt) No.1018/2019/F&PD തീയതി 27-12-2019 പ്രകാരം മത്സ്യഫെഡിന്റെ ഉടമസ്ഥതയിൽ ആലപ്പുഴ ജില്ലയിലെ പറവൂർ ട്വൈൻ ട്വിസ്റ്റിംഗ് യൂണിറ്റ് തുടങ്ങുന്നതിന് 2405-00-800-96(പി) ശീർഷകത്തിൽ ആകെ 550 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. 37.22 ലക്ഷം രൂപ നിലവിലുള്ള കെട്ടിടത്തിനെ ട്വൈൻ ട്വിസ്റ്റിംഗ് യൂണിറ്റിന്റെ കെട്ടിടമാക്കി മോഡിഫൈ ചെയ്യുന്നതിനായി വിനിയോഗിച്ചു. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന ഉദ്ദേശ്യത്തോടെ മെഷിനറികൾ ലഭ്യമാക്കുന്നതിനായി ഗ്ലോബൽ ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ നോട്ടീസ് പ്രമുഖ മലയാളം, ഇംഗ്ലീഷ് പത്രങ്ങളിലും, ഇന്ത്യൻ ട്രേഡ് ജേർണലിലും പ്രസിദ്ധപ്പെടുത്തി. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 21-8-2021 വരെ നീട്ടി നൽകിയിട്ടും ആരും ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. ഗ്ലോബൽ റീ ടെണ്ടർ വഴി തുടർനടപടിയായി പല തവണ ടെണ്ടർ ക്ഷണിച്ചിട്ടും ഗുണമേന്മയുള്ള മെഷീനുകൾ ഇന്ത്യയിൽ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ പോലും താല്പര്യം പ്രകടിപ്പിക്കാത്തതിനാൽ നിലവിൽ പദ്ധതി ആരംഭിക്കാനായിട്ടില്ല.

<u>ശിപാർശ</u>

2405-00-103-83—<u>മത്സ്യത്തൊഴിലാളികൾക്കുള്ള ഉൽപാദന ബോണസ്</u>

വിഹിതം : ഇല്ല. (പദ്ധതി)

2018-19, 2019-20, 2020-21 വർഷങ്ങളിലെ മത്സ്യലേലത്തിനും സമ്പാദ്യത്തിനും ആനുപാതികമായി മത്സ്യത്തൊഴിലാളികൾക്ക് ഉൽപാദന ബോണസ് നൽകിയിട്ടില്ലെന്ന്

സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകം പുനഃസ്ഥാപിച്ച് 5 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 157)

<u>സ്വീകരിച്ച നടപടി</u>

മത്സ്യത്തൊഴിലാളികൾക്കുള്ള ഉൽപ്പാദന ബോണസ് അനുവദിക്കുന്നതിനായുള്ള നിർദ്ദേശം പരിഗണിച്ചെങ്കിലും പദ്ധതിക്ക് 2021-22 സാമ്പത്തിക വർഷം തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്</u>

2415-05-277-99—<u>കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്</u>

വിഹിതം : 15,14,000 രൂപ (പദ്ധതിയേതരം)

2019-20 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നോൺപ്ലാൻ വിഹിതത്തിൽ കഴിഞ്ഞ വർഷത്തിലുണ്ടായ കുറവുകാരണവും, പുതിയ ടീച്ചിംഗ്/നോൺ ടീച്ചിംഗ് ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടും, യു.ജി.സി. സ്കെയിൽ നടപ്പിലാക്കിയതുമൂലം ഈ ശീർഷകത്തിൽ 6.0035 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 158)

<u>സ്വീകരിച്ച നടപടി</u>

അടിയന്തര പദ്ധതിയേതര ചെലവുകൾക്കായി അധിക അംഗീകാരം വഴിയോ ഗ്രാന്റിനായുള്ള സപ്ലിമെന്ററി ഡിമാൻഡ് മുഖേനയോ 450.35 ലക്ഷം രൂപ അനുവദിക്കാനും നോൺ പ്ലാൻ പ്രകാരം അധിക അംഗീകാരം വഴി 298.05 ലക്ഷം രൂപ അനുവദിക്കാനും സർവ്വകലാശാല നിർദ്ദേശം സമർപ്പിച്ചിരുന്നു. തുക കുടിശ്ശിക അനുവദിക്കുന്നതിനായി മാത്രമായതിനാൽ അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്-ന്റെ ധനാഭ്യർത്ഥന നമ്പർ നിലവിൽ കൃഷി (XXIX) -നു കീഴിലാണ് വരുന്നത്. എന്നാൽ ടി സർവ്വകലാശാല മത്സ്യബന്ധന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ, ടി സ്ഥാപനത്തിന്റെ ധനാഭ്യർത്ഥന നമ്പർ മത്സ്യബന്ധനം (XXXIII)-നു കീഴിൽ ഉൾപ്പെടുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 159)

സ്വീകരിച്ച നടപടി

കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്-ന്റെ ധനാഭ്യർത്ഥന നമ്പർ മത്സ്യബന്ധനം (XXXIII)-ന് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അദ്ധ്യായം II

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നുള്ള മറുപടി സ്റ്റേറ്റുമെന്റുകൾ ലഭ്യമാക്കാത്ത ഖണ്ഡികകൾ

| **വകുപ്പ്** | **ശിപാർശ/ഖണ്ഡികകൾ** |
|---|---|
| കൃഷി | 1,3,5,7-14, 16-31, 34, 35, 36, 39-44, 46, 49-52 |
| അസൂത്രണ സാമ്പത്തിക കാര്യവകുപ്പ് | 54-57 |
| മൃഗസംരക്ഷണ വകുപ്പ് | 58-77 |

പി.പ്രസാദ്,

*ചെയർമാൻ,*

*സബ്ജക്ട് കമ്മറ്റി I .*

തിരുവനന്തപുരം,

2022 ജൂലൈ 18.